(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ-ഐഡി.കെ-11/1491/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
E-mail: doidk.ksad@kerala.gov.in
ഫോൺ : 04862227332
തീയതി : 09.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

പള്ളിവാസൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പള്ളിവാസൽ ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം1 മുതൽ 3.8 വരെയുള്ള ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐഡി.കെ-11/1491/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
ഇ-മെയിൽ doidk.ksad@kerala.gov.in
വെബ് -www.lfa.kerala.gov.in
ഫോൺ:04862227332
തീയതി: 09.12.2016

# ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ **2015-16** സാമ്പത്തിക

## വർഷത്തെ
## ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ **2015-16** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 07-07-2016 മുതൽ 16-10-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നാല് അന്വേഷണകുറിപ്പുകൾ നല്കിയതിന് മൂന്നെണ്ണത്തിന് മറുപടി ലഭിച്ചു. ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം എന്നിവയുടെ അടിസ്ഥാനത്തിലാണ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. എസ്. മുരളീദാസ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 17.10.2016 മുതൽ25.10.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. എം.റ്റി. സോമൻ, ഓഡിറ്റ് ഓഫീസർ |
| | : | ശ്രീ. എം.കെ. അഭിലാഷ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | : | ശ്രീ. ബെന്നി മാത്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ.ബി. വരദരാജൻ | 01.04.15 മുതൽ 31.10.15 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് ഭരണം | 01.11.15 മുതൽ 18.11.15 വരെ |
| | കുമാരി തുളസിഭായ് കൃഷ്ണൻ | 19.11.15 മുതൽ 31.03.16 വരെ |
| സെക്രട്ടറി | ശ്രീ. നിസ്സാർ സി.എ. | 01.04.15 മുതൽ 05.04.15 വരെ |
| | ശ്രീ. ഹരി പുരുഷോത്തമൻ | 06.04.15 മുതൽ 31.03.16 വരെ |
| മറ്റ് നിർവ്വഹണോദ്യോഗസ്ഥർ | | |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ബാലകൃഷ്ണൻ | 01.04.15 മുതൽ 31.07.15 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. അനന്തകൃഷ്ണൻ | 01.08.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | ശ്രീ. അജിത് പ്രശാന്ത് പി. | 01.04.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ശ്രീമതി. എ.വി. ഷൈലജ | 01.04.15 മുതൽ 18.01.16 വരെ |
| | ശ്രീമതി. റ്റിജു റെജീന ബി.ജെ. | 19.01.16 മുതൽ 31.03.16 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. എം.എ. സിജി | 01.04.15 മുതൽ 31.03.16 വരെ |
| വെറ്ററിനറി സർജൻ | ഡോ. ജിം.കെ.കിഴക്കുടൻ | 01.04.15 മുതൽ 31.03.16 |
| ക്ഷീരവികസന ഓഫീസർ | ശ്രീമതി. ബെറ്റി ജോഷ്വാ | 01.04.15 മുതൽ 31.03.16 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. റ്റി.എ. ജമീല | 01.04.15 മുതൽ 31.03.16 വരെ |
| ഗ്രാമസേവകൻ | ശ്രീ. ജോസൺ മാത്യു | 01.04.15 മുതൽ 31.03.2016 |

## ഉള്ളടക്കം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | വാർഷിക ധനകാര്യപത്രിക പരിശോധന റിപ്പോർട്ട് | 1(11) |
| **ഭാഗം- 2** | | |
| 12 | ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ബജറ്റും തമ്മിൽ വ്യതിയാനം | 2-1 |
| **ഭാഗം- 3** | | |
| 13 | എഫ്.റ്റി എസ് ജീവനക്കാരിക്ക് അധികദിവസം സറണ്ടർ അനുവദിച്ചത് | 3(1) |
| 14 | വി.ഇ.ഒ പ്രോജക്ടുകൾ പൂർത്തികരിക്കാത്തത് | 3(2) |
| 15 | ആശ്രയപദ്ധതി അപാകതകൾ | 3(3) |

| | | |
|---|---|---|
| 16 | ജവഹർപദ്ധതി അപാകതകൾ | 3(4) |
| 17 | ലൈബ്രറികൾക്ക് ഫർണിച്ചർ വാങ്ങൽ | 3(5) |
| 18 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 3(6) |
| 19 | പി.എച്ച് .സി.ക്ക് മരുന്ന് വാങ്ങൽ | 3(7) |
| 20 | എ.ഇ നടപ്പിലാക്കിയ പദ്ധതി പ്രോജക്ടുകൾ ലക്ഷ്യം കൈവരിക്കാത്തത് | 3(8) |
| | ഭാഗം- 4 | |
| 21 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 22 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 24 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 26 | ഓഡിറ്റ് റിക്കവറി | 4(6) |
| 27 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4(7) |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 29 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തീയതി |
|---|
| l/27-03-2015 |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 03-09-2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | ₹24336072 |
| വരവ് | ₹ 45326605 |
| ആകെ | ₹ 699662677 |

| | |
|---|---|
| ചെലവ് | ₹ 57270796 |
| നീക്കിബാക്കി | ₹ 12391881 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (ACR പ്രകാരം) | ആകെ ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1656989 | 9841697 | 10029799 | 1468887 | 87.22% |
| വികസന ഫണ്ട് (എസ്.സി.പി) | 2534724 | 7171000 | 7804700 | 1901024 | 80.41 |
| വികസനഫണ്ട് (ടി.എസ്.പി) | 161000 | 161000 | 322000 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 599237 | 3583000 | 3894991 | 287246 | 93.13 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 803972 | 3004000 | 2534296 | 1273676 | 66.55 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1971015 | 4033983 | 5284014 | 720984 | 87.99 |
| പെർഫോമൻസ് ഗ്രാന്റ് | 3178666 | 0 | 2882807 | 295859 | 90.69 |
| എം.എൻ.ആർ.ജി.എസ്. | 109016 | 12516244 | 12620047 | 5213 | 99.95 |
| ബി.ഫണ്ട് | 0 | 975120 | 975120 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 204 | 157 | - | 47 | 38000524 | 21252015 | 76.9 |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 8251279 | 12298962 | 4047683(+) | 49 |
| നികുതിയേതര വരവുകൾ | 3331722 | 1350969 | 1980753(-) | (-) 59.45 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 206823 | 206808 | 15(-) | 0.007 |
| ആകെ | 11789824 | 13856739 | 2066915(+) | 17.53 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനെമടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 2 | 2 | 0 | ഇല്ല |
| 2 | തൊഴിൽ രഹിത വേതനം | 1 | 0 | 1 | ഇല്ല |
| 3 | വിധവാ പെൻഷൻ | 31 | 29 | 2 | ഇല്ല |
| 4 | വികലാംഗ പെൻഷൻ | 13 | 11 | 2 | ഇല്ല |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2 | 2 | 0 | ഇല്ല |
| 6 | വാർദ്ധക്യകാല പെൻഷൻ | 142 | 130 | 12 | ഇല്ല |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-10-2016 തീയതി 12.30-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. ₹101189/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 7-6-16/9-6-16 | മെയ് 2016 | 5-7-16 | ഇല്ല. |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11-2-2010 | 2004-05/ 2008-09 | 12-3-2010 | - |

## 1-11 വാർഷിക ധനകാര്യപത്രിക പരിശോധനാ റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ഷെഡ്യൂൾ ബി **9**

അദർ ലേയബിലിറ്റീസ്(350800299)എന്ന ഹെഡിൽ അഡ്വാൻസ് റ്റു അദേഴ്സ് എന്ന വിശദീകരണത്തോടെ ₹148688/- ബാധ്യതയായി കാണിച്ചിരിക്കുന്നു. ഉപോൽബലകമായ രേഖകൾ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത ബാദ്ധ്യതയുടെ കൃത്യത വ്യക്തമല്ല

ഷെഡ്യൂൾ ബി **11**

ആസ്തികളുടെ മൂല്യ നിർണയം നടത്തി ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ

ചേർത്തിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

മുൻവർഷങ്ങളിലോ തൻവർഷത്തിലോ സീവേയ്ജ് ആൻറ് ഡ്രെയിനേജ്, വാട്ടർവേയ്സ് ഹെഡുകളിൽ ആസ്തിയില്ല. തൻ വർഷം ഈ ഇനങ്ങളിൽ ഡിപ്രിസിയേഷൻ കാണിച്ച് തുക എഴുതി തള്ളിയിട്ടുണ്ട്. ആസ്തി ഇല്ലാതെ ഡിപ്രിസിയേഷൻ ഉണ്ടാകില്ല എന്നതിനാൽ ഇത് തെറ്റാണ്.

ഷെഡ്യൂൾ ബി **15**

പഞ്ചായത്തിന്റെ പ്രധാന വരവിനങ്ങളായ കെട്ടിട നികുതി, തൊഴിൽ നികുതി, ഡി ആന്റ് ഒ ലൈസൻസ് ഫീസ്, വാടക എന്നിവയ്ക്ക് കൃത്യമായ 'ഡേറ്റാബേസ്' തയ്യാറാക്കി അക്കൌണ്ടിംഗ് സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കാത്തതിനാൽ പഞ്ചായത്തിൽ ലഭ്യമായ ഡി.സി.ബി രജിസ്റ്ററുകൾ ആണ് മേൽ ഇനങ്ങളുടെ ആധികാരിക രേഖകളായി പരിഗണിച്ചത്.

ഡി.സി.ബി രജിസ്റ്ററുകളിൽ ഡിമാൻറ്, കളക്ഷൻ, ബാലൻസ് എന്നിവ കൃത്യതയോടെ രേഖപ്പെടുത്താത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റുമായി ബന്ധപ്പെട്ട അപാകതകൾ എക്സെസ് ഓഫ് ഇൻകം ഓവർ എക്സ്പെൻഡിച്ചർ(C=A-B) നെഗറ്റീവ് തുക വന്നിരിക്കുന്നു.(ഗ്രാന്റ് തുകകൾ കൃത്യമായി റവന്യൂ-ക്യാപ്പിറ്റൽ ഇൻകമായി എടുക്കാത്തതുകൊണ്ടാകാം ഇങ്ങനെ സംഭവിക്കുന്നത്.)

## ഭാഗം-2
## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

- -

ഇല്ല

## ഭാഗം-3
## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 എഫ്.റ്റി.എസ് ജീവനക്കാരിക്ക് അധികദിവസം ആർജ്ജിതാവധി സറണ്ടർ അനുവദിച്ചു -അംഗീകരിക്കാത്ത ചെലവ് ₹5664/-

| | |
|---|---|
| വൗച്ചർ നം | 31500004 |
| ബിൽ നം | 22/4/2015-16 |
| തീയതി | 04-09-2015 |
| തുക | ₹133408 |

ഗ്രാമപഞ്ചായത്തിലെ എഫ്.റ്റി.എസ് ശ്രീമതി വി.എസ് ഉഷാകുമാരിക്ക് മേൽ സൂചിത വൗച്ചർ പ്രകാരം 30 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ആയി ₹16992/- അനുവദിച്ചു നൽകിയിട്ടുണ്ട്. 29.02.1984 ലെ സ.ഉ(കൈ)

39/84/ എൽ.എ &എസ്.ഡബ്ല്യൂ.ഡി പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഫ്.റ്റി.എസ് ജീവനക്കാർക്ക് പരമാവധി സറണ്ടർ ചെയ്യാവുന്ന വാർഷിക പരിധി 20 ദിവസമാണ്. ആയതിനാൽ അധികം സറണ്ടർ അനുവദിച്ചു നൽകിയ 10 ദിവസത്തെ തുക ₹5664/-യുടെ ചെലവ് അംഗീകരിക്കുന്നില്ല. അധികം അനുവദിച്ചു നൽകിയ 10 ദിവസത്തെ തുക ₹5664/- തിരികെ ഈടാക്കി ജീവനക്കാരിയുടെ അവധികണക്കുകൾ പുനക്രമീകരിക്കേണ്ടതാണ്.

## 3-2 പ്രൊജക്ടുകൾ പൂർത്തീകരിക്കാത്തത്

മുൻവർഷങ്ങളിൽ ആരംഭിച്ച് നാളിതുവരെ പൂർത്തീകരിക്കാത്ത പ്രൊജക്ടുകളുടെ വിവരം താഴെ നൽകുന്നു.

| ക്രമ നം | പ്രോജക്ട് | മേഖല / ഉപമേഖല | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ | 14-15 വരെ ചെലവ് ₹ | 15-16 ലെ ചെലവ്-വൗ.നം | പൂർത്തീകരിക്കാത്തതിന് കാരണം | നിലവിലെ അവസ്ഥ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| 1 | ഭവനനിർമ്മാണം (എസ്.സിപി. വിധവ) 2014-15 | സേവനം | ഗ്രാമ സേവകൻ | 400000 | 380000 | ഇല്ല | ഭൗതിക സൗകര്യങ്ങളുടെ അഭാവത്തിൽ ഭവനനിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല | സ്പിൽ ഓവറായി 2016-17 ൽ എടുത്തിട്ടുണ്ട് | |
| 2 | ഭവനനിർമ്മാണം (എസ്.സി.പി) 2014-15 | | | 800000 | 500000 | | | | |

പദ്ധതി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 ആശ്രയ പദ്ധതി

ഏറ്റവും പിന്നണ ആവശ്യമായ ജനവിഭാഗം ഗുണഭോക്താക്കൾ ആയുള്ള ഈ പദ്ധതി പ്രകാരം ലക്ഷ്യമിട്ടതും പഞ്ചായത്ത് നടപ്പാക്കിയതുമായ ആശ്രയ പ്രവർത്തനങ്ങൾ താഴെ പരാമർശിക്കുന്നു.

| ഇനം | 1st പ്രൊജക്ട് | 2nd പ്രൊജക്ട് |
|---|---|---|
| പ്രൊജക്ട പ്രകാരം ആകെ ഗുണഭോക്താക്കൾ* | 50 | 78 |
| പ്രൊജക്ടപ്രകാരം വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 19 | 2 |
| നാളിതുവരെ ലഭിച്ചവർ | 2 | |
| പ്രൊജക്ടപ്രകാരം വീട് ആവശ്യമുള്ളവർ | 46 | 14 |
| നാളിതുവരെ ലഭിച്ചവർ | 19 | |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 5 | |
| നാളിതുവരെ ലഭിച്ചവർ | 1 | |
| കക്കൂസ് ആവശ്യമുള്ളവർ | 50 | |
| നാളിതുവരെ ലഭിച്ചവർ | 2 | |
| കുടിവെള്ളം ആവശ്യമുള്ളവർ | 50 | |
| നാളിതുവരെ ലഭിച്ചവർ | - | |
| കറന്റ് ആവശ്യമുള്ളവർ | 50 | |

| | | |
|---|---|---|
| നാളിതുവരെ ലഭിച്ചവർ | - | |

ആശ്രയ പദ്ധതിയിൽപ്പെട്ടവരുടെ ആവശ്യങ്ങൾ വർഷങ്ങൾ കഴിഞ്ഞിട്ടും നിറവേറ്റപ്പെട്ടിട്ടില്ല. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 ജവഹർ ഭവനപദ്ധതി-അവലോകനം

| | |
|---|---|
| പദ്ധതി നം | 225/2016 |
| പദ്ധതി | ജവഹർ ഭവന നിർമ്മാണം |
| അടങ്കൽ | ₹600000/- (13 ധനകാര്യ കമ്മീഷൻ)<br>₹7800000/-(വായ്പ) |
| ബിൽനം | 1/2015-16 തീ 30.03.2016 ₹300000/-<br>2/2015-16 തീ 31.03.2016 ₹200000/- |
| നിർവ്വഹണം | ഗ്രാമസേവകൻ |

മേൽ പരാമർശിത ബിൽ പ്രകാരം പിൻവലിച്ച തുക താഴെ പരാമർശിക്കും പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

(എല്ലാ ഗുണഭോക്താക്കളും 2016 മാർച്ചിലാണ് കരാർ വച്ചിട്ടുള്ളത്)

| ക്രമ നം | ഗുണഭോക്താവ് | തുക (₹) | | ഡി.ഡി നം തീയതി |
|---|---|---|---|---|
| 1 | വൽസ ചന്ദ്രൻ പാലപ്പറമ്പിൽ | 20000 | 180032 തീ 31.03.2016 | |
| 2 | സൗമ്യ സന്തോഷ് കോയിക്കൽ | 20000 | 180033 തീ 31.03.2016 | |
| | | 60000 | 180194 തീ 04.04.2016 | |
| 3 | വള്ളി നടരാജൻ പുത്തൻപറമ്പിൽ | 20000 | 180034 തീ 31.03.2016 | |
| 4 | മരിയ ജോൺ ആയക്കാട് | 20000 | 180035 തീ 31.03.2016 | |
| 5 | സുജാത സുഭാഷ്, കല്ലുങ്കൽപറമ്പിൽ | 20000 | 180036 തീ 31.03.2016 | |
| 6 | ജോമോൻ ജോസ് മേച്ചേരി | 20000 | 180037 തീ 31.03.2016 | |
| 7 | ശ്രീനിവാസൻ എം.എൻ വട്ടക്കുന്നേൽ | 20000 | 180038 തീ 31.03.2016 | |

| | | | |
|---|---|---|---|
| 8 | സിബി ഏലിയാസ് വരിപ്പള്ളിമാലിൽ | 20000 | 180039 തീ 31.03.2016 |
| 9 | ക്ലാര സ്റ്റാൻലി വാലുപറമ്പിൽ | 20000 | 180040 തീ 31.03.2016 |
| 10 | സോമൻ എസ്.എൻ സർപ്പക്കുഴിയിൽ | 20000 | 180041 തീ 31.03.2016 |
| | | 60000 | 180195 തീ 04.04.2016 |
| 11 | പാപ്പ പവ്വർഹൗസ് | 20000 | 180042 തീ 31.03.2016 |
| 12 | അച്ചാമ്മ പി.എച്ച്, പാമ്പാക്കോലിൽ | 20000 | 180043 തീ 31.03.2016 |
| 13 | തങ്കമണി ഫാക്ടറി ഡിവിഷൻ | 20000 | 180044 തീ 31.03.2016 |
| 14 | വൽസ സോമനാഥ് പാറയിൽ | 20000 | 180045 തീ 31.03.2016 |
| 15 | ലക്ഷ്മി അലൻവില്ല ഗാർഡൻ | 20000 | 180197 തീ 04.04.2016 |
| 16 | ജയപ്രകാശ്, മുണ്ടക്കല്ലേൽ | 20000 | 180046 തീ 31.03.2016 |
| | | 20000 | 180196 തീ 04.04.2016 |

പദ്ധതി നടത്തിപ്പിനായി ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ നിന്നും 11% പലിശനിരക്കിൽ ₹84,00,000/- വായ്പ എടുക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 08.02.2016 ലെ 21/ഡി.ബി1/16 നമ്പരായുള്ള കത്ത് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

ഇടുക്കി ജില്ലാ സഹകരണ ബാങ്കിന്റെ 17.08.2016 ലെ C/INDLS/ SO32/JHLS/2016-17 അറിയിപ്പ് പ്രകാരം ₹79,00,000/- ലോൺ അനുവദിച്ചിട്ടുണ്ട്.

പദ്ധതിയുടെ ധനകാര്യ വിശകലന പ്രകാരം ₹600000/- 13 ധനകാര്യ കമ്മീഷൻ ഗ്രാന്റും,₹7800000/-വായ്പയുമാണ്. എന്നാൽ തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ₹500000/- മാത്രം ചെലവഴിച്ചതിനാൽ ഒരു ലക്ഷം രൂപയുടെ അധിക വായ്പ എടുക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 ലൈബ്രറികൾക്ക് ഫർണിച്ചർ വാങ്ങൽ-അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷം നടപ്പിലാക്കിയ ചുവടെ കൊടുക്കുന്ന പ്രോജക്ടുകളുമായി

ബന്ധപ്പെട്ട ഫയലുകളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

**1.** കാണ്ട്യാപാറ ലൈബ്രറിക്ക് ഫർണിച്ചർ

പ്രോജക്ട് നമ്പർ-29/16

ബിൽ നമ്പർ-7/15-16/12-8-15₹24950/-

ഡി.ഡി.നമ്പർ-631145/25-8-15

കാണ്ട്യാപാറ ലൈബ്രറിക്ക് ഫർണിച്ചർ വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം 1 മേശ, 50 പ്ളാസ്റ്റിക് കസേര എന്നിവ ഒലിവ ഹോം വേൾഡ് ഇരുമ്പുപാലത്തുനിന്നും വാങ്ങിയിട്ടുണ്ട്.എന്നാൽ കാണ്ട്യാപാറ ലൈബ്രറി വർഷങ്ങളായി പ്രവർത്തനരഹിതമായിരുന്നതും നിലവിൽ എസ്.സി. ഫണ്ട് ഉപയോഗിച്ച് പുനർനിർമ്മാണം നടത്തി വിജ്ഞാൻ വാടിയായി ഉപയോഗിക്കാൻ വേണ്ടിയായി നിർമ്മിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.നിലവിൽ പ്രവർത്തിക്കാത്ത ലൈബ്രറിക്ക് വേണ്ടി ഇത്രയധികം ഫർണിച്ചർ വാങ്ങേണ്ട ആവശ്യം വ്യക്തമാക്കേണ്ടതാണ് എന്നാവാശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയിൽ പ്രോജക്ടിനുവേണ്ടി വാങ്ങിയ ഫർണിച്ചറുകൾ നിലവിൽ വിജ്ഞാൻ വാടി കെട്ടിടത്തിൽ സൂക്ഷിച്ച് ഉപയോഗിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. ലൈബ്രറി ആവശ്യത്തിന് വങ്ങുന്ന സാധനങ്ങൾ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് ശരിയായ നടപടിയല്ല. ലൈബ്രറി കെട്ടിടം പണിപൂർത്തിയാക്കി ഉപയുക്തമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**2.** <u>സേവാഗ്രാം ഫർണിച്ചർ വാങ്ങൽ</u>

പ്രോജക്ട് നമ്പർ-30/16

ബിൽ നമ്പർ-24/15-16/30-3-16₹189840/-

ഡി.ഡി.നമ്പർ-180048/31-3-16

സേവാഗ്രാം ഫർണിച്ചർ വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം 14 മേശ, 42 ഫൈബർ കസേര, 14സ്റ്റീൽ അലമാര എന്നിവ എസ്.എൻ. ഹോം ഷൈൻ അപ്ളയൻസസ് അടിമാലിയിൽ നിന്നും വാങ്ങിയിട്ടുണ്ട്.എന്നാൽ വാങ്ങിയ സാധനങ്ങൾ ഭാഗികമായി മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്. 11, 12, 14 വാർഡുകളൊഴികെ മറ്റ് വാർഡുകളിൽ ഫർണിച്ചർ വിതരണം നടത്തിയിട്ടില്ല. ഭൗതികസാഹചര്യം ഒരുക്കാത്തതിനാൽ പഞ്ചായത്തിലും, പഞ്ചായത്ത് സാംസ്കാരിക നിലയത്തിലുമായി സൂക്ഷിച്ചിരിക്കുകയാണ്. നിലവിൽ സേവാഗ്രാമുകൾ പ്രവർത്തിക്കുകയോ ആവശ്യമായ ജീവനക്കാരെ നിയമിക്കുകയോ ചെയ്തിട്ടില്ല. ആവശ്യമായ ഭൗതികസാഹചര്യം ഒരുക്കാതെ സാധനങ്ങൾ വാങ്ങിയത് ശരിയായ നടപടിയല്ല. വാങ്ങിയ സാധനങ്ങൾ സേവാഗ്രാമുകൾക്ക് പൂർണമായും വിതരണം ചെയ്ത് സേവാഗ്രാമുകൾ പ്രവർത്തനസജ്ജമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 <u>ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമാക്കാത്തത്</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കലാഫീസർ ഹോമിയോ

പ്രോജക്ട് നമ്പർ – 16/2016

ബിൽ നമ്പർ – 01/15-16/12-2-16₹100000/-

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം ₹100000/- മാനേജിംഗ് ഡയറക്ടർ, ഹോമിയോപ്പതി കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ആലപ്പുഴക്ക് ഡി.ഡി.നമ്പർ 178943/12-2-16 ൽ നൽകിയിട്ടുണ്ടെങ്കിലും മരുന്ന് ഓഡിറ്റ് തീയതി വരെ ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 <u>പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമാക്കാത്തത്</u>

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മെഡിക്കൽ ഓഫീസർ, ആരോഗ്യം |
| പ്രോജക്ട് നമ്പർ | : | 17/2016 |

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 18/2016 |
| ബിൽ നമ്പർ | : | 03/15-16/29-2-16₹100000/-(ഡി.ഡി.നമ്പർ 679190/20-3-16) |
| ബിൽ നമ്പർ | : | 04/15-16/30-3-16₹219405/-(ഡി.ഡി.നമ്പർ 180109/20-4-16 ₹136220/-നൽകി) |

പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ, ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്നീ മേൽ പ്രോജക്ടുകൾ പ്രകാരം ₹236220/-കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ടെങ്കിലും മരുന്ന് ഓഡിറ്റ് തീയതി വരെ ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്തത്

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2014-15 വർഷം പ്രവർത്തനം ആരംഭിച്ച കൈറ്റിയാനിപ്പടി മൈത്രി റോഡ് എന്ന പ്രവ്യത്തി(പ്രേജക്ട് നമ്പർ 189/15)2015-16 വർഷം സ്പിൽഓവറായി ഉൾപ്പെടുത്തുകയും 2015-16 വർഷം ₹148104/-ബിൽ നമ്പർ 53/15-16/25-01-16 പ്രകാരം ചെലവഴിച്ച് 15 മീറ്റർ നീളത്തിൽ റോഡ് സൈഡ് കെട്ടി മണ്ണ് ഫില്ലിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ വാഹനം കടന്നുപോകാവുന്ന അവസ്ഥയിലല്ല റോഡ് എന്ന് അസിസ്റ്റന്റ് എഞ്ചിനിയർ അറിയിക്കുകയുണ്ടായി. 150 മീറ്റർ നീളത്തിൽ രണ്ട് ഉയർന്ന പ്രദേശങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിച്ച് രണ്ട് വശങ്ങൾ കല്ല് കെട്ടി മണ്ണ് ഫില്ല് ചെയ്യുന്നതിന് 20 ലക്ഷം രൂപ ആവശ്യമുള്ളിടത്ത് ₹200000/- മാത്രമാണ് തൻവർഷം വകയിരുത്തിയത്. ആയതിനാൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല. പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്തത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ആവശ്യമായ ഫണ്ട് വകയിരുത്തി പദ്ധതി പൂർത്തിയാക്കേണ്ടതാണ്.

# ഭാഗം-4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|
| ഇല്ല | | |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| അഡ്വാൻസ് നൽകിയിട്ടില്ല | | | | | | | |

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

| ക്രമ നം. | 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| ഇല്ല | | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ്. ഭവനപദ്ധതി | സ.ഉ(സാധാ)510/2010/ LSGDDT.17-02-2010 | 10500000/- | 5250000/- | 2291537/- | 00 | 2958463/- |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 00 |
| തൻവർഷം നിക്ഷേപിച്ച തുക | 3000000/- |
| ആകെ | 3000000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3000000/- |

(2015-16)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| സ്ഥിരനിക്ഷേപം | 3000000/- | FD A/C NO.9421 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ₹18105/- ഈടാക്കിയിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേര്/ഉദ്യോഗപ്പേര് | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2008-09 | 3(4) | 3621 | ശ്രീ. ജോയി തോമസ്, മെമ്പർ | 4505100616/20.5.15 |
| 2008-09 | 3(4) | 3621 | ശ്രീ. ബെന്നി ഫിലിപ്പ്, മെമ്പർ | 11505100618/20.5.15 |
| 2008-09 | 3(4) | 3621 | ശ്രീ. ടൈറ്റസ് തോമസ്, മെമ്പർ | 11505100617/20.5.15 |
| 2008-09 | 3(4) | 3621 | ശ്രീ. പാവത്തായി മുത്തയ്യ, മെമ്പർ | 11505101952/12.10.15 |

| | | | | |
|---|---|---|---|---|
| 2008-09 | 3(4) | 3621 | ശ്രീ. എസ്.സി. രാജ, മെമ്പർ | 11505102011/12.10.15 |
| | | ₹18105/- | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, | ഖണ്ഡികനം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡികനം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | - | 1999-00 | - | ഉപാധിരഹിത ഫണ്ട് ഉപയോഗിച്ചുള്ള പൊതുമരാമത്ത് പ്രവൃത്തികൾ -ക്രമരഹിതമായി പണം ചെലവഴിച്ചു | - |
| 2006-07 | 2-7 | 2009-10 | 2.6 | വിവിധ ഷോപ്പിംഗ് കോംപ്ളക്സുകൾ മുദ്രപ്പത്രയിനത്തിലെ നഷ്ടം-₹9161/- | - |
| 2006-07 | 3-11 | 2009-10 | 2-8 | വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ-₹757450/- | - |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 45326605 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57270796 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5664/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | ₹5664/- | ശ്രീ. ഹരി പുരുഷോത്തമൻ,സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം
ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഹരി പുരുഷോത്തമൻ, സെക്രട്ടറി | സെക്രട്ടറി, പള്ളിവാസൽ ഗ്രാമപഞ്ചായത്ത് | ഹണിലാൻഡ് പേട്ട പി.ഒ തിരുവനന്തപുരം 695024 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-1997 | എൽ.എഫ്.ഐ-8/442/98/ 18-11-1998/30-12-1998 | |
| 1997-1998 | എൽ.എഫ്.ഐ-8/307/99/4-01-00/31.03.00 | |
| 1998-1999 | എൽ.എഫ്.ഐ-8/737/00/9-07-01/29-08-01 | |
| 1999-2000 | എൽ.എഫ്.ഐ-8/46/02/30.01.02/10.07.02 | |
| 2000-2001 | എൽ.എഫ്.ഐ-8/651/02/6.01.03/31.01.03 | |
| 2001-2002 | എൽ.എഫ്.ഐ-8/632/03/25.03.2004 /09.06.2004 | |
| 2002-2003 | എൽ.എഫ്.ഐ-8/403/05/06-12-2005/31-01-2006 | |
| 2003-2004 | എൽ.എഫ്.ഐ-7/893/06/ 11-12-2005/08-02-2007 | |
| 2004-2005 | എൽ.എഫ്.ഐ-7/408/07/ 08-06-2007/06-07-2007 | |
| 2005-2006 | എൽ.എഫ്.ഐ-7/357/08/ 07-08-2008/13-10-2008 | |
| 2006-2007 | എൽ.എഫ്.ഐ-8/1017/08/ 15-05-2009/10-09-2009 | |
| 2007-2008 | എൽ.എഫ്.ഐ-11/148/2010/ 18-10-2010/04-03-11 | |
| 2008-2009 | എൽ.എഫ്.ഐ-11/547/2011/ | |

| | | |
|---|---|---|
| | 20-12-2011/22-03-12 | |
| 2009-2010 | എൽ.എഫ്.ഐ-11/602/2011/<br>20-12-2010/22-03-12 | |
| 2010-2011 | എൽ.എഫ്.ഐ-11/1057/2012/<br>05-2-2013/13-06-13 | |
| 2011-2012 | എൽ.എഫ്.ഐ-11/1057/2012/<br>05-2-2013/13-06-13 | |
| 2012-2013 | എൽ.എഫ്.ഐ-11/532/14/<br>13-08-14/13-10-2014 | |
| 2013-2014 | കെ.എസ്.എ.ഐ.ഡി.കെ-11/176/15/<br>03-06-2016 | |
| 2014-2015 | കെ.എസ്.എ.ഐ.ഡി.കെ -11923/2016/19.07.2016 | |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.ഐ.ഡി.കെ.**11/1491/2016**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി തൊടുപുഴ

Phone : 04862 227332

doidk.ksad@kerala.gov.in

തീയതി : 09.12.2016.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻെറ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2015-2016 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

District Office, Idukki Thodupuzha

Phone : 04862 227332

doidk.ksad@kerala.gov.in

Dated : 09.12.2016

## C E R T I F I C A T E

Certified that I have audited the Annual Financial Statement of Pallivasal Grama Panchayat in Idukki District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayat Raj Institutions.

In my opinion the Financial Statement of Pallivasal Grama Panchayat for the 2015-16, except the observations in My audit report properly presents the picture of income and expenditure.

**DEPUTY DIRECTOR**

**IDUKKI**